Page 1 of 2

ബഡ്ജറ്റ് ഡോക്യുമെൻറ്സ് എല്ലാവർക്കും ലഭിക്കാറുണ്ട്. എന്നാൽ ഇക്കുറി ആ ഡോക്യുമെൻറ്സിന്റെ എണ്ണം ചുരുക്കി. ഒരുപക്ഷേ സമരവും അച്ചടി സൗകര്യങ്ങളില്ലാത്തതുകൊണ്ടുമാകാം. അങ്ങനെയുണ്ടെങ്കിൽ അതിവിടെ പറയണമായിരുന്നു, ഈ സഭയുടെ അനുവാദം വാങ്ങണമായിരുന്നു. ഇവിടെ എക്സ്പ്ലനേറ്ററി മെമ്മോറാണ്ടമില്ലാത്ത, ബഡ്ജറ്റ് ഡോക്യുമെൻറ്സ് ഇല്ലാത്ത, സപ്പോർട്ട് ഡോക്യുമെൻറ്സ് ഇല്ലാത്ത അതായത് 12 വോളിയമുണ്ടായിരുന്ന demands for grants ഇന്ന് രണ്ട് വോളിയത്തിൽ ഒതുക്കിയിരിക്കുന്നു. Distribution of bock on budget estimates എന്ന് ഒന്നുകൂടി ചേർത്തു. ഈ സഭയിലെ അംഗങ്ങൾ കഴിഞ്ഞ കാലങ്ങളിലെല്ലാം അനുഭവിച്ചിരുന്ന സൗകര്യങ്ങൾ, അറിയാനുള്ള സൗകര്യങ്ങൾ പൂർണ്ണമായി കവർന്നെടുത്തുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഇങ്ങനെ ബഡ്ജറ്റിന്റെ പവിത്രത നഷ്ടപ്പെടുത്തിയാലോ? ബഡ്ജറ്റിന്റെ പവിത്രത നഷ്ടപ്പെടുത്തിക്കൊണ്ട് സപ്പോർട്ടിംഗ് ഡോക്യുമെൻറ്സില്ലാതെ ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ സമ്മതിച്ചത് സംബന്ധിച്ച് അങ്ങയുടെ റൂളിംഗ് വേണം. സബ്ജക്ട് കമ്മിറ്റിയും എസ്റ്റിമേറ്റ്സ് കമ്മിറ്റിയും സെറ്റിൽ ചെയ്ത രീതിയിൽത്തന്നെയാണോ എന്നുള്ളതും പറയണം. അത് മാറ്റണമെങ്കിൽ അത് സംബന്ധിച്ച് നടപടിയുണ്ടാകണം.

## റൂളിംഗ്

മി. സ്പീക്കർ: No....no....ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചാണ് പറയുന്നത്. ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം Financial statement of the estimated receipts and expenditure എന്നുമാത്രം വച്ചാൽ മതി. It is a full budget as per the Constitution and as per the rules. ഉദാഹരണത്തിന് ഭരണപരിഷ്ക്കരണ സമിതിയിലെ അംഗങ്ങളായ ശ്രീ. ടി. എൻ. ജയചന്ദ്രൻ, ശ്രീ. കെ. പി. ജോസഫ് തുടങ്ങിയവർ എന്നെ വന്നുകണ്ടതാണ്. ബഡ്ജറ്റിൽ ആവശ്യമില്ലാത്ത കടലാസുകളെല്ലാം കൊടുക്കുന്നു, അതെല്ലാം നിർത്തലാക്കണമെന്ന് അവർ പറഞ്ഞു. അത് തെറ്റാണെന്നുള്ളത് വേറൊരു കാര്യം അത് കൊടുക്കേണ്ട കാര്യമൊന്നുമില്ലെന്ന് അവർ തന്നെ എന്റെയടുക്കൽ നിവേദനം നടത്തിയതാണ്. അതിനുപുറമേ റൂൾ 140 (3) പറയുന്നത് ബഡ്ജറ്റ് എസ്റ്റിമേറ്റ്സ് കമ്മിറ്റിയിലോ അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയിലോ കൺസൾട്ട് ചെയ്യണമെന്നല്ല, അവർ നേരത്തേ എന്തെങ്കിലും നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടെങ്കിൽ ആ നിർദ്ദേശംകൂടി Finance Minister may consider എന്നേയുള്ളൂ. അല്ലാതെ ഈ ബഡ്ജറ്റ് അവർ കൺസൾട്ട് ചെയ്യണമെന്നല്ല. അവർ ഇന്ന രീതിയിൽ ചെയ്യണമെന്നു പറഞ്ഞ് നേരത്തേ എന്തെങ്കിലും ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ The Finance Minister may also consider that aspect. ഇതു മാത്രമാണ് ഇതിൽ യാതൊരു തകരാറുമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഇവിടെ നമുക്ക് ചില പ്രീസിഡൻസുണ്ട്. ആ പ്രീസിഡൻസിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് ഡോക്യുമെൻറ്സ് തരുമ്പോൾ, ആ ബഡ്ജറ്റ് ഡോക്യുമെൻറ്സൊക്കെ കുറയ്ക്കുന്നതും കൂട്ടുന്നതുമൊക്കെ ആരാണ് തീരുമാനിക്കുന്നതെന്നുള്ളത് വളരെ പ്രധാനമായ പ്രശ്നമാണ്. ആ പ്രീസിഡൻസ് അനുസരിച്ച് തരികയും വേണമെങ്കിൽ ബി.എ.സി.-യിൽ ഇത് റെയ്സ് ചെയ്തിട്ട് എന്തൊക്കെ ബഡ്ജറ്റ് ഡോക്യുമെൻറ്സ്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാം, കുറയ്ക്കാമെന്നുള്ളതിനെപ്പററി കക്ഷിനേതാക്കളുടെ യോഗത്തിൽ പരിഗണിക്കാം. പക്ഷേ ഇവിടെ അങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ല. വളരെ പ്രധാനപ്പെട്ട ഒരു കാര്യം എനിക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത് ബഡ്ജററിന്റെ പുതിയ വർക്കുകൾ, അതായത് പാർട്ട്_2 തന്നിട്ടേയില്ല. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം നിയോജകമണ്ഡലത്തിൽ ചെല്ലുമ്പോൾ അവർക്ക് പുതിയ വർക്കുകൾ ചേർത്തത് എങ്ങനെയാണെന്ന് മനസ്സിലാക്കാനും അത് ആളുകൾക്ക് മനസ്സിലാക്കാനും ഡീറെയിൽഡ് ബഡ്ജററ് എസ്ററിമേററ്സ് ഭാവിയിലുണ്ടാക്കാനും എസ്ററിമേററ്സ് എടുക്കാനുമൊക്കെ ഉപകരിക്കുന്ന ഒരു രേഖയാണ്. ആ രേഖ ഇതിനകത്ത് തീരെയില്ല. ഇത് ഈ സഭയിലെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു രേഖയാണ്. അതെങ്ങനെ ഡിസ്കണ്ടിന്യൂ ചെയ്തു എന്നുള്ളത് അറിയണം. ഞാനിന്നലെ ഇതുമുഴുവൻ തപ്പിയിട്ട് ഇങ്ങനെ ഒരു രേഖ കാണുന്നില്ല. ഇത് കക്ഷി അടിസ്ഥാനത്തിലുള്ള കാര്യമല്ല. നിയമസഭയിൽ പൊതുവായിട്ടുള്ള കാര്യമാണ്. ഇത് കക്ഷി അടിസ്ഥാനത്തിൽ കാണേണ്ട കാര്യമല്ല, അങ്ങനെ ഭാഗംവച്ച് കാണേണ്ട കാര്യമല്ല. നിയമസഭയിലെ മൊത്തം അംഗങ്ങളെ സംബന്ധിച്ചിടത്തോളമുള്ള ചില പ്രശ്നങ്ങളാണ്. അതുകൊണ്ട് ബഡ്ജററ് ഡോക്യുമെൻറ്സിലെ പലതും വേണ്ടെന്നു വയ്ക്കുന്നതിനുമുമ്പ് ഒന്ന് ആലോചിക്കാമായിരുന്നു. കാരണം ഇതിന് സീക്രസിയൊന്നുമില്ല. അതുകൊണ്ട് അത് ആലോചിക്കാമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. അങ്ങ് റൂളിംഗ് തരുന്നത് എങ്ങനെയായാലും എനിക്ക് വിരോധമില്ല. പക്ഷേ വസ്തുത വസ്തുതയായിട്ട് നിൽക്കുന്നതാണ്.

മി. സ്പീക്കർ: റൂളിംഗ് തരുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷേ അതൊന്നും ഭരണഘടനയിലോ റൂളിലോ പറയുന്നില്ല എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഡ്ജററ് ഡോക്യുമെൻറ്സിൽ ഒന്നുരണ്ട് ഡോക്യുമെൻറ്സ് കുറവുണ്ട്. അത ബഡ്ജററ് ഡിമാൻറിന്റെ പൊതു ഡിസ്കഷൻ വരുന്നതിനുമുമ്പ് മെമ്പർമാർക്ക് കൊടുക്കുന്നതാണ്.

# IV. ധനകാര്യം

## 2002_2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജററിനെപ്പററിയുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. എം. പി. ഗംഗാധരൻ: സർ, മാർച്ച് 8-ാം തീയതി ഈ സഭയിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജററിനെ ഞാൻ അനുകൂലിക്കുകയാണ്. ദേശീയവും സംസ്ഥാനതലവുമായ ഗൗരവങ്ങളായ സാമ്പത്തിക-രാഷ്ട്രീയ-സാമൂഹ്യ പ്രശ്നങ്ങളെ നോക്കിക്കണ്ടുകൊണ്ടു തന്നെ അതിന്റെ അമർച്ചയിലിരുന്നുകൊണ്ടുതന്നെയാണ് ഈ ബഡ്ജററ് അവതരിപ്പിക്കേണ്ട സാഹചര്യമുണ്ടായത്. നമ്മുടെ സംസ്ഥാനം ഒടുക്കാനാവാത്ത കടക്കെണിയിലാണ്. അതുകൂടാതെ ഇവിടെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly